**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1983** **09-02-2023 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | റീബിൽഡ് കേരള പദ്ധതിയിൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; | (എ) | <table><tr><th>സാമ്പത്തിക വർഷം</th><th>അനുവദിച്ച തുക(രൂപ)</th><th>ചെലവഴിച്ച തുക(രൂപ)</th></tr><tr><td>2019-20</td><td>1000 കോടി</td><td>7,33,65,480</td></tr><tr><td>2020-21</td><td>1000 കോടി</td><td>577,60,00,000</td></tr><tr><td>2021-22</td><td>1830 കോടി</td><td>773,30,00,000</td></tr><tr><td>2022-23</td><td>1600 കോടി</td><td>982,60,00,000<br>(06.02.23 വരെ)</td></tr></table> |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് ലോക ബാങ്ക് സഹായമായി എത്ര തുക ലഭിച്ചിട്ടുണ്ട്; ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലാണ് തുക ലഭിച്ചതെന്നും പ്രസ്തുത തുക ഓരോ സാമ്പത്തിക വർഷവും എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | റീബിൽഡ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള ലോകബാങ്ക് സഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ.<br><br>**<u>സാമ്പത്തിക വർഷം ലഭിച്ച തുക(രൂപ)</u>**<br><br>2019-20 1779.58 കോടി<br><br>2022-23 125.66 കോടി<br><br>വികസന നയ വായ്പ (Development Policy Loan) ആയി ലോകബാങ്ക് 1779.58 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ലഭിച്ച 125.66 കോടി രൂപ പൂർത്തീകരിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്ന ഫലപ്രാപ്തി അധിഷ്ഠിത പരിപാടി (Pragram for Results-PfR)കളുടെ ഭാഗമായാണ്. ഈ വായ്പകളെല്ലാം ബഡ്ജറ്ററി സപ്പോർട്ട് ആയാണ് സർക്കാരിന് ലഭിക്കുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ബജറ്റ് വിഹിതമായാണ് തുക അനുവദിക്കുന്നത്. ലോകബാങ്ക് വായ്പ സഹായമായി ഇതുവരെ ലഭിച്ചത് ആകെ 1905.24 കോടി രൂപയാണ്. റീബിൽഡ് കേരള പദ്ധതി മുഖേന ഏറ്റെടുത്തിട്ടുള്ള ഭൂരിഭാഗം പദ്ധതികളും ബഹുവർഷ പദ്ധതികളാണ്. |

<table>
<tr><td></td><td></td><td></td><td>ഇത്തരത്തിൽ ഏകദേശം 8107 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട് റീബിൽഡ് കേരള പദ്ധതി ആരംഭിച്ചതുമുതൽ വിവിധ പദ്ധതികൾക്കായി നാളിതുവരെ 2340 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി അനുസരിച്ച് കൂടുതൽ തുക അനുവദിക്കുന്നതാണ് .ഈ സാഹചര്യത്തിൽ തുക വകമാറ്റി ചെലവഴിച്ചെന്നത് അടിസ്ഥാനരഹിതമാണ്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതിക്ക് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ?</td><td>(സി)</td><td>റീബിൽഡ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള ലോകബാങ്ക് സഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ.<br>
<table>
<tr><th>സാമ്പത്തിക വർഷം</th><th>ലഭിച്ച തുക(രൂപ)</th></tr>
<tr><td>2019-20</td><td>1779.58 കോടി</td></tr>
<tr><td>2022-23</td><td>125.66 കോടി</td></tr>
</table>
വികസന നയ വായ്പ (Development Policy Loan) ആയി ലോകബാങ്ക് 1779.58 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ലഭിച്ച 125.66 കോടി രൂപ പൂർത്തീകരിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്ന ഫലപ്രാപ്തി അധിഷ്ഠിത പരിപാടി (Pragram for Results-PfR)കളുടെ ഭാഗമായാണ്. ഈ വായ്പകളെല്ലാം ബഡ്ജറ്ററി സപ്പോർട്ട് ആയാണ് സർക്കാരിന് ലഭിക്കുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ബജറ്റ് വിഹിതമായാണ് തുക അനുവദിക്കുന്നത്. ലോകബാങ്ക് വായ്പ സഹായമായി ഇതുവരെ ലഭിച്ചത് ആകെ 1905.24 കോടി രൂപയാണ്. റീബിൽഡ് കേരള പദ്ധതി മുഖേന ഏറ്റെടുത്തിട്ടുള്ള ഭൂരിഭാഗം പദ്ധതികളും ബഹുവർഷ പദ്ധതികളാണ്. ഇത്തരത്തിൽ ഏകദേശം 8107 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതി ആരംഭിച്ചതുമുതൽ വിവിധ പദ്ധതികൾക്കായി നാളിതുവരെ 2340 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി അനുസരിച്ച് കൂടുതൽ തുക അനുവദിക്കുന്നതാണ് .ഈ സാഹചര്യത്തിൽ തുക വകമാറ്റി ചെലവഴിച്ചെന്നത് അടിസ്ഥാനരഹിതമാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ